സ്പോട്ടിൽ സസ്പെൻറു ചെയ്തു. ഈ വക കാര്യങ്ങൾ ഞാൻ വളരെ വ്യക്തമാക്കുകയാണ്. സ്റ്റേഷനിൽ കൊണ്ടുപോയി മർദ്ദിക്കുന്ന ഏർപ്പാട് ഒരു കാരണവശാലും അനുവദിക്കുകയില്ല. ആ സ്പോട്ടിൽവച്ചുതന്നെ സസ്പെൻറു ചെയ്യും. ഓരോ നടപടിക്കുശേഷം ഇതിനകംതന്നെ ഏഴ് ഓഫീസർമാരെ സസ്പെൻറ് ചെയ്തിട്ടുണ്ട്. ഒരിക്കലും ഗവൺമെൻറ് അത് അനുവദിക്കുകയില്ല. ആർക്കെങ്കിലും അങ്ങനെ ഒരു ധാരണയുണ്ടെങ്കിൽ ആ ധാരണ പരിപൂർണ്ണമായി മാറും. കാരണം അതാത് അവസരത്തിൽതന്നെ ആണ് ഓർഡർ ഇഷ്യൂ ചെയ്തിരിക്കുന്നത്.

(4) മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും കണ്ടിൻജൻസി ജീവനക്കാരുടെ ശമ്പളവർദ്ധനവ്

ശ്രീ. എ.സി. ജോസ് : സർ, കേരളത്തിലെ നാൽപ്പതിൽപരം മുനിസിപ്പാലിറ്റികളിലും മൂന്നു കോർപ്പറേഷനുകളിലും ജോലിചെയ്യുന്ന ആയിരക്കണക്കിനു കണ്ടിജൻസി ജീവനക്കാരുടെ പരിതാപകരമായ സ്ഥിതിയാണു ഞാൻ ബഹുമാനപ്പെട്ട മുനിസിപ്പൽ വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അവരുടെ ശമ്പളം പരിഷ്ക്കരിക്കുന്നതിനുവേണ്ടി ഏതാണ്ട് രണ്ടുവർഷംമുമ്പ് ഒരു കമ്മീഷനെ വച്ചു സർ. എന്നാൽ ഇന്നുവരെ ആ കമ്മീഷന്റെ റിപ്പോർട്ട് വെളിച്ചം കണ്ടിട്ടില്ല. അതിനു ഒരു തീരുമാനവുമെടുത്തിട്ടില്ല സർ. ബഹുമാനപ്പെട്ട സുന്ദരം സ്വാമി മന്ത്രിയായിരിക്കുമ്പോൾ ഞാൻ റപ്രസന്റേഷൻ കൊടുത്തതാണ്. അദ്ദേഹം കഴിഞ്ഞ 1985 ജൂലായ് മാസത്തിൽ ഒരു തീരുമാനമെടുക്കുമെന്നു പറയുകയാണു ചെയ്തത്. ഇപ്പോൾ ഒന്നരവർഷം കഴിഞ്ഞു ഇതുവരെ ഒരു തീരുമാനവുമെടുത്തിട്ടില്ല. ഈ കാര്യത്തിൽ എന്തെങ്കിലും നടപടി അടിയന്തിരമായി ചെയ്ത് കണ്ടിൻജൻസി ജീവനക്കാരുടെ ദുരിതപൂർണ്ണമായ അവസ്ഥയിൽനിന്ന് അവരെ രക്ഷിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഇപ്പോഴുള്ള കണ്ടിൻജൻസി തൊഴിലാളികളുടെ കാറ്റഗറികൾ നിലനിർത്തിക്കൊണ്ട് ശമ്പളസ്കെയിലുകൾ, സ്പെഷ്യൽ ഡി.എ., വീട്ടുവാടക, മെഡിക്കൽ അലവൻസ് തുടങ്ങിയവ പരിഷ്ക്കരിക്കാൻ വേണ്ടി ബോർഡ് ശുപാർശ ചെയ്തിട്ടുണ്ട്. ഈ ശുപാർശയിൻമേൽ ഉടനടി തീരുമാനമെടുത്ത് നടപ്പിലാക്കണമെന്നാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. ക്യാബിനറ്റ് പരിശോധിച്ചശേഷം ഉടനെതന്നെ ഇതിൻമേൽ ആവശ്യമായ തീരുമാനമെടുക്കുന്നതാണ്.

(5) മേപ്പയൂർ നിയോജക മണ്ഡലത്തിലെ രണ്ടു കൊലപാതകങ്ങൾ

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : സർ, എന്റെ നിയോജക മണ്ഡലത്തിലെ കാസിം എന്ന ഒരു മുസ്ലീംലീഗ് പ്രവർത്തകൻ കൊല്ലങ്ങൾക്കു മുമ്പ് വടകരയിലെ ഒരു കുണ്ടുകിണറ്റിൽ കൊല്ലപ്പെട്ട നിലയിൽ കാണുകയുണ്ടായി. ഗവൺമെൻറ് അതു സംബന്ധിച്ച് കൂലംകഷമായി അന്വേഷിക്കാൻ പലവിധ നിർദ്ദേശങ്ങൾ കൊടുത്തുവെങ്കിലും ഇതുവരെയും ആ കേസ്സിനു തെളിവുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. എനിക്ക് അറിയില്ല, ഇപ്പോൾ ആ പ്രദേശത്തുള്ള ആളുകൾ പറയുന്നത് സി.ബി.ഐ. യ്ക്കു കൊടുത്ത് ഒന്നു പരിശോധിച്ച് നോക്കണമെന്ന് ഗവൺമെൻറിനോട് നിർബന്ധപൂർവ്വം ആവശ്യപ്പെടണമെന്നാണ്. മറ്റൊന്ന് എന്റെ നിയോജകമണ്ഡലത്തിൽ തന്നെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

കുട്ടക്കങ്ങാടിക്ക് സമീപമുള്ള നമ്പോലൻകുഞ്ഞ് ഹമീദ് എന്ന ഒരു ചെറുപ്പക്കാരൻ വെട്ടേറ് ദാരുണവും ബീഭത്സവുമായ നിലയിൽ വധിക്കപ്പെടുകയുണ്ടായി. അതു സംബന്ധിച്ചും പോലീസിന് അപ്പപ്പോഴം വേണ്ട നിർദ്ദേശം കൊടുത്തുവെങ്കിലും ഇതുവരെയും പ്രതികളെ പിടിക്കാനോ കേസ്സിന് തുമ്പുണ്ടാക്കാനോ കഴിഞ്ഞിട്ടില്ല. ഇതിൽ രണ്ടിനും നാട്ടുകാർക്ക് പറയാനുള്ളത് ധാരാളം സാഹചര്യത്തെളിവുകളം ഉണ്ടെന്നോണ്. അതുകൊണ്ട് ഈ കാര്യത്തിൽ കൂലംകഷമായ ഒരു അന്വേഷണം നടത്തി ജനങ്ങളെ ബോദ്ധ്യപ്പെടുത്താവുന്ന കാര്യങ്ങളം ചെയ്യണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, 1983 മാർച്ച് മാസത്തിൽ നടന്ന ഒരു സംഭവമാണ്. ഒരു കിണറിൽ ഒരു ശവം കണ്ടു. അതിനെക്കുറിച്ച് പോലീസ് unnatural death ആയിട്ട് ഒരു കേസ് രജിസ്റ്റർ ചെയ്തു. അതിൽ കാര്യമായ തെളിവൊന്നും കിട്ടിയിട്ടില്ല. തെളിവു കിട്ടിയിട്ടില്ലെന്നുള്ള വിവരം കോടതിയിൽ റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. സർ, മറ്റേ സംഭവം നടക്കുന്നത് 1985 മാർച്ചിലാണ്. അതുസംബന്ധിച്ചും ആവശ്യമായ തെളിവ് കിട്ടാത്തതുകൊണ്ട് ക്രൈം ബ്രാഞ്ചിനോട് അന്വേഷിക്കാൻ പറഞ്ഞിരിക്കുകയാണ്. ക്രൈംബ്രാഞ്ച് അന്വേഷിച്ചതിനുശേഷം ആവശ്യമായ നടപടി സ്വീകരിക്കാം.

(6) സി. എം. പി ജാഥയ്ക്കെതിരെ നടന്ന ആക്രമണം

ശ്രീ. എം. വി. രാഘവൻ : സർ, കാസർകോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ വേളൂർ ഗ്രാമത്തിൽ കഴിഞ്ഞ 25-ാം തീയതി സി.എം.പി.യുടെ ഒരു കാൽനട ജാഥ സഞ്ചരിക്കുമ്പോൾ ആ ജാഥയെ കള്ളത്തോക്കുകൊണ്ട് ഒരു റബ്ബർ തോട്ടത്തിന്റെ മറവിൽ സി.പി.എം.-ലെ ചില ആളുകൾ വെടിവച്ചു. അതിൽ ഒരാൾ ഗുരുതരമായ പരിക്കേറ്റ് ആശുപത്രിയിൽ കിടക്കുകയാണ്. സർ, ഞാൻ ഈ അസംബ്ലി ആരംഭിച്ചതിനുശേഷം പറയുന്ന രണ്ടാമത്തെ സംഭവമാണിത്. ഇത് വളരെ ദൗർഭാഗ്യകരമാണ്. മുഖ്യമന്ത്രിയോട് എനിക്കു പറയാനുള്ളത് ഇവിടെ ഭരണഘടനയനുസരിച്ചുള്ള മൗലികാവകാശം ആർക്കായാലും ഉണ്ട്. കൊടികെട്ടാനും, പ്രസംഗിക്കാനും, പൊതുയോഗം നടത്താനും അതുപോലെ സംഘടന ഉണ്ടാക്കാനുമെല്ലാമുള്ള അവകാശമുണ്ട്. ഒരു കൂട്ടം റൗഡികളുടെ തോന്ന്യാസത്തിൽ ജനങ്ങളുടെ ജീവിതമെറിഞ്ഞു കൊടുക്കരുത് എന്നാണ് ഗവൺമെന്റിനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കർശനമായ നടപടി വേണം. ഈ രാജ്യത്ത് തെമ്മാടികളും റൗഡികളും അഴിഞ്ഞാടുകയും കള്ളത്തോക്കെടുത്ത് വെടിവയ്ക്കുകയും ചെയ്യുന്നത് ആർക്കും ഭൂഷണമല്ല. നിയമം കൈയിലെടുക്കാൻ ആർക്കും അധികാരമില്ല. അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് വിശദീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഈ മാസം 25-ാം തീയതിയാണ് സി.എം.പി.യുടെ ജാഥ പോകുന്നയവസരത്തിൽ ഏതാനും സി.പി.ഐ. (എം) പ്രവർത്തകൻമാർ ആ ജാഥയുടെ നേരെ ആക്രമിച്ചത്. അതിൽ ഒരാൾ നാടൻതോക്കുകൊണ്ട് വെടിവയ്ക്കുകയുണ്ടായി. വെടിവച്ചതിൽ ജാഥയിലുണ്ടായിരുന്ന ഗംഗാധരൻ എന്ന സി.എം.പി. പ്രവർത്തകന് നിസാരമായ പരിക്കേറ്റിട്ടുണ്ട് വേറെ മൂന്നുനാല് ആളുകൾക്ക് പരിക്കു പറ്റിയിട്ടുണ്ട്. ഇതു സംബന്ധിച്ച് സി.പി.എം. പ്രവർത്തകരുടെ പേരിൽ കേസ് എടുത്തിട്ടുണ്ട്. അതിൽ മൂന്നു പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly